**അനുമോദനം**

മി. സ്പീക്കർ: തദ്ദേശീയ ക്രയോജനിക് എഞ്ചിൻ ജി.എസ്.എൽ.വി.ഡി–അഞ്ച് ഉപയോഗിച്ചുള്ള ജിസാറ്റ്–14–ന്റെ വിക്ഷേപണത്തിലൂടെ ഭാരതം ക്രയോജനിക് സാങ്കേതികവിദ്യ സ്വന്തമായി വികസിപ്പിച്ചെടുക്കുന്ന ആറാമത്തെ രാജ്യമായി ഉയർന്നിരിക്കുന്നു. ഇന്നലെ വൈകിട്ട് ശ്രീഹരിക്കോട്ട യിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിലെ രണ്ടാമത്തെ വിക്ഷേപണ തറയിൽ നിന്നും ജി.എസ്.എൽ.വി.ഡി–അഞ്ച്, രാജ്യത്തിന്റെ അത്യാധുനിക വാർത്താവിനിമയ ഉപഗ്രഹമായ ജിസാറ്റ്–14 ഭ്രമണപഥത്തിലെത്തിച്ചതോടെ, ബഹിരാകാശത്ത് ഭാരതം പുതിയ വിജയം നേടിയിരിക്കുകയാണ്.

അഭിമാനകരമായ ഈ വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും കേരള നിയമസഭ അഭിനന്ദിക്കുന്നു.